# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5996      28.10.2011-ൽ മറുപടിയ്ക്ക്

## പബ്ളിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്ക്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പ്രകാരം ചില തസ്തികകളിലേക്കുള്ള നിയമന യോഗ്യത പരിഷ്ക്കരിച്ചുകൊണ്ട് 01.07.2011 -ൽ പുറത്തിറക്കിയ ഉത്തരവിലെ അപാകതകൾ ചൂണ്ടിക്കാട്ടി പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | പരാതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇതു സംബന്ധിച്ച ശുപാർശ പി.എസ്.സി.-യിൽ നിന്നും ലഭിച്ചതെന്നാണെന്നും, ഇക്കാര്യത്തിൽ മുൻ സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; ഈ സർക്കാർ അധികാരത്തിൽ വന്ന ഉടൻ ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം പരിശോധിക്കുമോ ; | (സി) | തസ്തികകളുടെ യോഗ്യതാ ഭേദഗതിയുമായി ബന്ധപ്പെട്ട ശുപാർശ 18.10.2008 - നാണ് പി.എസ്.സി. യിൽ നിന്നും ലഭിച്ചത്. പി.എസ്.സി. യുടെ ശുപാർശ സർക്കാർ വിവിധ തലങ്ങളിൽ വിശദമായി പരിശോധിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായുള്ള അനുമതിക്കായി മുൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. ഇക്കാര്യം അടുത്ത സർക്കാരിന്റെ തീരുമാനത്തിന് വിടാൻ അന്നത്തെ മുഖ്യമന്ത്രി 05.05.2011 - ൽ ഉത്തരവായിരുന്നു. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. യുടെ ശുപാർശ ഭേദഗതികളോടെ അംഗീകരിച്ച് ഉത്തരവായി |

| | | |
|---|---|---|
| (ഡി) | പ്രസ്തുത ഉത്തരവ് ബാധകമാക്കിയ തസ്തികകളിലേക്ക് ക്ഷണിച്ച ലക്ഷക്കണക്കിന് അപേക്ഷകർ പി. എസ്. സി. യിൽ തീർപ്പാകാതെ ശേഷിക്കുമ്പോഴാണ് വിവിധ തസ്തികകളെ ഉൾപ്പെടുത്തി ഇത്തരമൊരു ഉത്തരവ് ഉണ്ടായതെന്ന കാര്യം പരിഗണിക്കുമോ ; | (ഡി) യും (ഇ) യും<br><br>1.7.11 ലോ അതിനു ശേഷമോ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്കു മാത്രമാണ് പുതുക്കിയ യോഗ്യത ബാധകമായിട്ടുള്ളത്. പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്കെതിരെ ലഭിച്ച പരാതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത ഉത്തരവ് സംബന്ധിച്ച പരാതികൾ വ്യാപകമാണെന്നും, അംഗീകൃത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ചില വ്യവസ്ഥകൾ പ്രസ്തുത ഉത്തരവിൽ ഉണ്ടെന്നതും പരിഗണിച്ച് അതിന്റെ നടപ്പാക്കൽ തൽക്കാലത്തേക്ക് നിർത്തിവക്കുമോ ? | |

സെക്ഷൻ ഓഫീസർ